# വ്രതം നൽകേണ്ട കരുത്ത്

**എം. എം. അക്ബർ**

ഉപവാസത്തിൻെറ നാളുകൾക്ക് വിട! ഇനി സമർപ്പണത്തിൻെറ പതിനൊന്ന് മാസം. പരിശീലനകാലം കഴിഞ്ഞു; പ്രയോഗവത്കരണത്തിൻെറ കാലമാണിനി. ഒരുമാസത്തെ വ്രതാനുഷ്ഠാനത്തിൽനിന്ന് നേടിയെടുത്ത ആത്മീയോർജത്താൽ വിമലീകരിക്കപ്പെട്ട ജീവിതവുമായി ഇനി ജീവസന്ധാരണത്തിൻെറ വിവിധ തുറകളിലേക്ക്.....

ഈ റമദാൻകൊണ്ട് നാം എന്തു നേടിയെന്ന് പരിശോധിക്കേണ്ട സമയമാണിത്. സ്വയം വിലയിരുത്തൽ! കുറെ വിശപ്പും ദാഹവും പിരിമുറുക്കവും ഉറക്കച്ചടവും മാത്രമോ നമുക്ക് ബാക്കി.... അടുത്ത റമദാനിന് മുമ്പ് നമ്മിലാർക്കെങ്കിലും മരണത്തെ അഭിമുഖീകരിക്കേണ്ടിവന്നാൽ ഈ റമദാൻ നമുക്ക് അനുകൂലമായി അല്ലാഹുവിങ്കൽ സാക്ഷിനിൽക്കുമോ? അതല്ല, നമുക്കെതിരെയാവുമോ, വിശുദ്ധമാസത്തിൻെറ സാക്ഷ്യം?

റമദാനിലെ പകലുകളിൽ വിശപ്പും ദാഹവും സഹിക്കുവാൻ സന്നദ്ധരായോ എന്നല്ല നാം സ്വയം ചോദിക്കേണ്ടത്; ആ വിശപ്പും ദാഹവും നമ്മിൽ ദൈവ സമർപ്പണത്തിനുള്ള സന്നദ്ധതയുണ്ടാക്കിയോയെന്നാണ്. ഖുർആൻ എത്രതവണ പാരായണം ചെയ്തുവെന്നോ എത്രത്തോളം അർഥം പഠിച്ചുവെന്നോ അല്ല നാം സ്വയം വിലയിരുത്തേണ്ടത്; ഖുർആനനുസരിച്ച് ജീവിക്കുവാനുള്ള സന്നദ്ധത എത്രത്തോളം നമ്മുടെ ഹൃദയങ്ങളിൽ വേരോട്ടമുണ്ടാക്കുവാൻ പ്രസ്തുത പാരായണത്തിന് കഴിഞ്ഞുവെന്നാണ്. രാത്രിയിൽ എത്രനേരം നമസ്കരിക്കുവാൻ കഴിഞ്ഞുവെന്നല്ല നാം ആത്മപരിശോധന നടത്തേണ്ടത്; പ്രസ്തുത നമസ്കാരങ്ങൾ വഴി പരമകാരുണികനുമായുള്ള വ്യക്തിബന്ധം എത്രത്തോളം ദൃഢമാക്കാനായിയെന്നും അവനിൽ കാര്യങ്ങളെല്ലാം ഭരമേൽപിക്കാൻ മാത്രം പ്രസ്തുത ബന്ധത്തെ സുദൃഢീകരിക്കാൻ നമുക്കായോയെന്നാണ്- ഇത്തരമൊരു സ്വയം വിമർശനം വഴി ഈ റമദാൻ നമുക്ക് അനുകൂലമായാണോ, അതല്ല പ്രതികൂലമായാണോ സർവശക്തനു മുമ്പിൽ സാക്ഷി പറയുകയെന്ന് മനസ്സിലാക്കുവാൻ ഓരോരുത്തർക്കും കഴിയും.

മുത്തഖികൾക്ക് വ്യക്തവും സംശയലേശമില്ലാത്തതുമായ ദർശനം നൽകുന്ന വിശുദ്ധ ഖുർആനിൻെറ (2:2) അവതരണമാസത്തിൽ (2:185) വ്രതാനുഷ്ഠാനം നിർബന്ധമാക്കിയത് തഖ്‌വയുണ്ടാക്കുന്നതിനുവേണ്ടിയാണെന്നാണല്ലോ ഖുർആൻ (2:183) സ്വയം പറയുന്നത്. 'സൂക്ഷ്മത'യെന്നും ദോഷബാധയെ സൂക്ഷിച്ചു ജീവിക്കുകയെന്നുമെല്ലാമുള്ള മലയാള ഭാഷാപ്രയോഗങ്ങൾ 'തഖ്‌വ'യെ ഭാഗികമായി പോലും പ്രകാശിപ്പിക്കുവാൻ പര്യാപ്തമല്ല. ജീവിത നിഷേധമല്ല, ജീവിതാനുഭവമാണ് തഖ്‌വ. ആരണ്യകങ്ങൾക്കകത്ത് തപസ്സിരുന്ന് വാൽമീകം പൊതിയുന്നത് വഴിയാണ് ജീവസാക്ഷാത്കാരവും ആത്മീയോന്നതിയും നേടിയെടുക്കാനാവുകയെന്ന മതസങ്കൽപത്തിൻെറ നേർവിപരീതമാണ് തഖ്‌വ. അത് ഓരോരുത്തർക്കും നൽകപ്പെട്ട ജീവിതത്തിൻെറ പൂർണമായ ആസ്വാദനമാണ്. ആക്രാന്തമല്ല ആസ്വാദനം. ഒന്നാമത്തേത് പൈശാചികതയെ കുറിക്കുന്നു. രണ്ടാമത്തേതാണ് മാനവികത. ഓരോരുത്തർക്കും നൽകപ്പെട്ട ജീവിതം പരമകാരുണികൻെറ അപാരമായ അനുഗ്രഹമാണ്. ജീവിതനിഷേധം അതു കൊണ്ടുതന്നെ അവനോടുള്ള കൃതഘ്നതയാണ്. ജീവിതം നൽകിയ സർവേശ്വരൻ തന്നെ അത് എങ്ങനെ ആസ്വാദകരമാക്കാം എന്നും പറഞ്ഞുതന്നിട്ടുണ്ട്. അവൻെറ മാർഗദർശനത്തിന് പുറത്തുപോയി ജീവിതത്തെ അനുഭവിക്കുന്നവർ യഥാർഥത്തിൽ ആക്രാന്തം കാണിക്കുകയാണ്. ആസ്വാദനമാണെന്ന മിഥ്യാധാരണയുടെ പുകമറയിൽ കുരുങ്ങി ആക്രാന്തം കാണിക്കുന്നവർ നാശത്തിലാണ് ആപതിക്കുക. ദൈവിക മാർഗദർശനത്തിൻെറ വരുതിയിൽ നിന്നുകൊണ്ടുള്ള ജീവിതാസ്വാദനമാണ് തഖ്‌വ. തഖ്‌വയാണ് വിശ്വാസിയുടെ ജീവിതത്തെ സ്നിഗ്ധമാക്കുന്നത്.

ഈമാനും ഇഹ്സാനും ഇത്തിബാഉമാണ് തഖ്‌വയുടെ മൂന്ന് മാനങ്ങൾ. ആരുടെ മാർഗദർശനമാണോ മുസ്ലിമിൻെറ ജീവിതത്തെ പ്രകാശിപ്പിക്കുന്നത് അവനെ പൂർണമായി അറിയുകയും ഹൃദയത്തി ൽ പ്രതിഷ്ഠിക്കുകയും മനസ്സിനെ ഭരിച്ചുകൊണ്ടിരുന്ന അവനല്ലാത്തതായുള്ളവയെയെല്ലാം ഹൃദയത്തിൽനിന്ന് നിഷ്കാസനം ചെയ്യുകയുമാണ് ഈമാൻ. തൻെറ സ്നേഹഭാജനവും കാരുണ്യമൂർത്തിയും ഹൃദയത്തിൻെറ നാഥനുമായയവനുവേണ്ടി മാത്രമായി ജീവിതം മുഴുവൻ- ജീവിതത്തിലെ ഓരോ നിമിഷവും- ഒരുക്കുകയാണ് ഇഹ്സാൻ. കൃത്യവും സംശയലേശമില്ലാത്തതുമായ മാർഗദർശനം നൽ കിയ നാഥൻെറ കൽപനകൾ ശിരസാവഹിച്ചുകൊണ്ട് ജീവിതത്തെ സമ്പൂർണമായി പരിവർത്തിപ്പിക്കുകയാണ് ഇത്തിബാഅ്. അല്ലാഹു വിലും മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും മരണാനന്തര ജീവിതത്തിലും ദിവ്യവിധിയിലും വിശ്വസിക്കുകയും അല്ലാഹുവി ൻെറ പ്രീതിമാത്രം കാംക്ഷിച്ച് അവൻെറ ഗ്രന്ഥവും അവനാൽ നിയോഗിതനായ അ

ന്തിമ പ്രവാചകൻെറ ജീവിതവും മാതൃകയാക്കി ജീവിതത്തെ ചിട്ടപ്പെടുത്തുകയും ചെയ്യുന്നവനാണ് മുത്തഖി; അവൻ കച്ചവടക്കാരനും കൃഷിക്കാരനും ഉദ്യോഗസ്ഥനും തൊഴിലാളിയും മുതലാളിയും ഭരണാധികാരിയും ഭരണീയനും പണക്കാരനും പാവപ്പെട്ടവനുമെല്ലാമാണ്. പക്ഷേ, വിശ്വാസം വികലമല്ലാത്തതാണ്; കർമങ്ങൾക്ക് വൻ പ്രതിഫലം കാംക്ഷിക്കുന്നത് അല്ലാഹുവിൽ നിന്നാണ്; അല്ലാഹുവിൻെറ ഗ്രന്ഥവും ദൂതനുമാണവൻെറ ജീവിത പാന്ഥാവ് നിർണയിക്കുന്നത്. സമാധാനപൂർണമായ മനസ്സും ശരീരവുമായി ജീവിതത്തെ പൂർണമായി ആസ്വദിക്കുന്ന മുത്തഖിയാണവൻ.

ഒരുമാസത്തെ വ്രതാനുഷ്ഠാനം നമ്മെ മുത്തഖികളാക്കിയിട്ടുണ്ടോയെന്ന ആത്മപരിശോ ധന ഏറെ പ്രയാസമില്ലാതെ നടത്താനാവും. അല്ലാഹു അനുഗ്രഹിച്ച് നൽകിയ ജീവിത വിഭവങ്ങളിൽ നാം സംതൃപ്തരാണോ? പ്രയാസങ്ങളിലും പ്രശ്നങ്ങളിലുമെല്ലാം അല്ലാഹുവിനോട് മാത്രമാണോ നാം സഹായമർഥിക്കുന്നത്? അല്ലാഹുവിൽ എല്ലാ കാര്യങ്ങളും നാം ഭരമേൽപിക്കുന്നുണ്ടോ? അല്ലാഹുവിൽനിന്നുണ്ടാകുന്ന പരീക്ഷണങ്ങൾ സ്വീകരിക്കാൻ നാം സന്നദ്ധരാണോ? കർമങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിൽനിന്നുള്ള പ്രതിഫലം മാത്രമാണോ നാം കാംക്ഷിക്കുന്നത്? ഖുർആനിനും സുന്നത്തിനുമനുസൃതമായ രീതിയിൽ ജീവിതം നയിക്കാൻ, ഏത് പ്രതികൂല സാഹചര്യങ്ങളിലും നാം തയാറാണോ? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ‘അതെ’ യെന്നാണെങ്കിൽ വ്രതാനുഷ്ഠാനം കൊണ്ട് വിവക്ഷിക്കപ്പെട്ടത് നാം നേടിയെടുത്തു വെന്ന് പറയാം. അല്ലെങ്കിൽ.......??

കഴിഞ്ഞ വിശുദ്ധ മാസം അനുകൂലമായി സാക്ഷി നിൽക്കുന്നവരിൽ, നാഥാ.... നീ ഞങ്ങളെ ഉൾപ്പെടുത്തേണമേ.... (ആമീൻ).